**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 188** **12-10-2021 - ൽ മറുപടിയ്ക്ക്**

**സംഘടിത കുറ്റകൃത്യങ്ങൾ തടയുന്നതിന് നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. ടി. ജെ. വിനോദ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംഘടിത കുറ്റകൃത്യങ്ങൾ തടയുന്നത് സംബന്ധിച്ച് നിയമം കൊണ്ടുവരാൻ നിയമ വകുപ്പിന്റെ ഉപദേശം ആരാഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. നിയമ വകുപ്പിന്റെ അഭിപ്രായത്തിന് നൽകിയ കരട് നിയമത്തിലെ വ്യവസ്ഥകളും സംസ്ഥാനത്ത് ഇത്തരത്തിലൊരു നിയമം കൊണ്ടുവരേണ്ടതിന്റെ ആവശ്യകത ഭരണവകുപ്പ് പരിശോധിച്ചതായും നയപരമായ തീരുമാനം കൈക്കൊണ്ടതായും കാണാത്തതിനാൽ സർക്കാരിന്റെ കാര്യനിർവ്വഹണ ചട്ടങ്ങളിലെ 45-ാം ചട്ടപ്രകാരമുള്ള പരിശോധന നടത്തിയിട്ടില്ല. |
| (ബി) | സംഘടിത കുറ്റവാളികളെ വിചാരണ കൂടാതെ 180 ദിവസം വരെ കരുതൽ തടങ്കലിൽ പാർപ്പിക്കാമെന്ന കരട് നിയമത്തിലെ ശിപാർശയിന്മേൽ നിയമവകുപ്പിന്റെ അഭിപ്രായം വ്യക്തമാക്കാമോ; | (ബി) | കരട് നിയമത്തിൻമേൽ നയപരമായ തീരുമാനം കൈക്കൊണ്ട് ഫയൽ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ കരടിലെ വ്യവസ്ഥകൾ സംബന്ധിച്ച് സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ്സിലെ 45-ാം ചട്ടപ്രകാരമുള്ള പരിശോധന നിയമ വകുപ്പ് നടത്തിയിട്ടില്ല. |
| (സി) | പോലീസിന് നൽകുന്ന മൊഴി തെളിവായി സ്വീകരിക്കാമെന്ന കരട് നിയമത്തിലെ വ്യവസ്ഥ കേന്ദ്ര തെളിവ് നിയമത്തിന് വിരുദ്ധമാണോയെന്ന് വ്യക്തമാക്കാമോ? | (സി) | കരട് നിയമത്തിൻമേൽ നയപരമായ തീരുമാനം കൈക്കൊണ്ട് ഫയൽ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ കരടിലെ വ്യവസ്ഥകൾ സംബന്ധിച്ച് സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ്സിലെ 45-ാം ചട്ടപ്രകാരമുള്ള പരിശോധന നിയമ വകുപ്പ് നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ